# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1652 | 13.06.2014-ൽ മറുപടിക്ക് |
|---|---|

### കാസർഗോഡ് താലൂക്കിലെ വീടുകളിലെ ബാലവേല

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) | കാസർഗോഡ് താലൂക്കിലെ വീടുകളിൽ ബാലവേല ചെയ്യുന്ന ബാലികമാരുടെ വിവരങ്ങൾ ലഭ്യമാണോ; അറിയിക്കുമോ; | (എ) | കാസർഗോഡ് ജില്ലയിൽ ഏപ്രിൽ 2013 മുതൽ ജൂൺ 2014 വരെ ബാലവേലയുമായി ബന്ധപ്പെട്ട് ചൈൽഡ് വെൽഫയർ കമ്മിറ്റിക്ക് ലഭിച്ച 6 കേസുകളിൽ മൂന്നെണ്ണം വീടുകളുമായി ബന്ധപ്പെട്ടതും മൂന്ന് കേസ് റോഡ്, ഹോട്ടൽ മേഖലയുമായി ബന്ധപ്പെട്ടവയുമാണ്. ഇതിൽ കർണ്ണാടക സംസ്ഥാനത്തിലെ 3 കുട്ടികളെ അവിടേയ്ക്ക് തിരിച്ചയയ്ക്കുകയും 17 വയസ്സുള്ള ഒരാൺകുട്ടിയെ കാസർഗോഡ് ചിൽഡ്രൻസ് ഹോമിൽ പ്രവേശിപ്പിച്ച് പഠനം തുടരാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. 10 വയസ്സുള്ള ഒരു പെൺകുട്ടിയെ കാസർഗോഡ് മഹിളാമന്ദിരത്തിൽ പ്രവേശിപ്പിച്ചിട്ടുണ്ട്. ടിയാൾ തമിഴ്നാട്ടുകാരിയായതിനാൽ കുട്ടിയെ restore ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കണ്ണൂർ ജില്ലയിൽപ്പെട്ട 17 വയസ്സു കഴിഞ്ഞ മറ്റൊരു പെൺകുട്ടി ലൈംഗികാതിക്രമത്തിന് വിധേയമായതിനാൽ തലശ്ശേരി മഹിളാമന്ദിരത്തിൽ പ്രവേശിപ്പിച്ചിട്ടുണ്ട്. |
| (ബി) | ബാലവേല ചെയ്യിക്കുന്ന വീട്ടുടമസ്ഥർക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ബി) | കാസർഗോഡ് പോലീസ് സ്റ്റേഷനിലും, മഞ്ചേശ്വരം, കുമ്പള പോലീസ് സ്റ്റേഷനുകളിലും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ